പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 671 | 11.06.2014- ലെ മറുപടിക്ക് |
|---|---|

## മത്സ്യം/പഴവർഗ്ഗം എന്നിവയിലെ മായം ചേർക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മൽസ്യങ്ങളിലും പഴവർഗ്ഗങ്ങളിലും മാരകമായ വിഷവസ്തുക്കൾ പുരട്ടുന്നതുമൂലമുണ്ടാകുന്ന അതിഭീകരമായ ആരോഗ്യ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതുമൂലം ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; | ബി) | സർക്കാർ പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ ഏജൻസികളായ CIFT, Kochi, കാർഷികസർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. |
| സി) | ഇവ നിയന്ത്രിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | സി) | പരിശോധന കർശനമാക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തിയിട്ടുള്ളതും കൂടുതൽ ചർച്ചകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ ടി സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിക്കുന്നതുമാണ്. |
| ഡി) | ഇവ പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; | ഡി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ CIFT, Kochi, കാർഷികസർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹകരണവും ലഭ്യമാക്കുന്നുണ്ട്. |
| ഇ) | ഇതേക്കുറിച്ച് വ്യക്തമായ പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ? | ഇ) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ